2008, ഖുത്ബ നമ്പര് - 40

*ഖുത്ബ*
*03.10.2008*
*ബൈത്തുൽ ഫുതുഹ്, ലണ്ടൻ*

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# എല്ലാ ആപത്തുകളിൽ നിന്നും സംരക്ഷണം നൽകുന്നവൻ

കഴിഞ്ഞ ചില ഖുത്ബകൾക്കുമുൻപ് മുഹയ്മിൻ എന്ന അല്ലാഹുവിന്റെ ഗുണനാമത്തെക്കുറിച്ചാണ് ഞാൻ പ്രതിപാദിച്ചിരുന്നത്. വിവിധ നിഘണ്ടു കർത്താക്കൾ ആ പദത്തിനു നൽകിയ അർത്ഥം വിവരിച്ചിരുന്നു. അഭയം നൽകുന്നവൻ എന്നാണ് പൊതുവിൽ നൽകപ്പെടുന്ന വിവക്ഷ. ഓരോന്നിന്റെയും അവസാന അഭയകേന്ദ്രം അല്ലാഹുവിന്റെ അസ്തിത്വം ഒന്നുമാത്രമാണ്. ഓരോരുത്തർക്കും അവൻ സംരക്ഷണം നൽകുന്നു. തന്നോട് ബന്ധം പുലർത്തുന്നവർക്ക് അവൻ അത്ഭുത ദൃഷ്ടാന്തം വെളിപ്പെടുത്തുന്നു.

സാക്ഷി എന്നും ഈ പദത്തിന് അർത്ഥമുണ്ട്. അല്ലാഹു തന്റെ ദാസരിൽനിന്നും പ്രവാചകന്മാരുടെ സത്യത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് ശത്രുക്കൾ അവർക്കെതിരിൽ ഉന്നയിക്കുന്ന ആരോപണങ്ങളും കുറ്റകെട്ടുകളും തെറ്റാണെന്ന് തെളിയിക്കുകയും അവരുടെ സത്യത്തിനുള്ള സാക്ഷ്യം സമർപ്പിക്കുകയും ചെയ്യുന്നു. സൃഷ്ടികളുടെ മേൽനോട്ടക്കാരൻ, സംരക്ഷകൻ എന്നീ അർത്ഥങ്ങളും മുഹയ്മിൻ എന്ന വാക്കിനുണ്ട്. ഭയത്തിനു ശേഷം സമാധാനം നൽകുന്നവൻ എന്നും ഇതിന്നർത്ഥമുണ്ട്. അല്ലാഹു തന്റെ വരിഷ്ട ദാസർക്കായി തന്റെ പ്രത്യേക ഗുണം പ്രകടമാക്കുമ്പോൾ അവരിൽനിന്ന് സുരക്ഷയുടെയും സംരക്ഷണത്തിന്റെയും അത്ഭുത ദൃഷ്ടാന്തങ്ങൾ പ്രകടമാകുന്നു. ഇക്കൂട്ടരാണ് അല്ലാഹുവിന്റെ സിഫത്തുകൾ പ്രകടമാക്കുന്ന ദൈവദാസന്മാർ. അല്ലാഹവിന്റെ ഗുണങ്ങളിൽ നിന്ന് പ്രഥമമായി ഫലമെടുക്കുന്നവർ പ്രവാചകന്മാരാണ്. ഇവർക്കുവേണ്ടി അസാധാരണ നിലയിൽ അല്ലാഹു തന്റെ സിഫത്തുകൾ പ്രകടമാക്കുകയും അത് അവരുടെ സത്യത്തിനുള്ള സാക്ഷ്യങ്ങളായി പരിണമിക്കുകയും ചെയ്യുന്നു. ഈ പ്രവാചകന്മാരുടെ സത്യതക്ക് മാറ്റുകൂട്ടുന്നതിനായി ഈ ഗുണങ്ങൾ അവരുടെ ശിഷ്യർ മുഖേനയും അല്ലാഹു പ്രകടമാക്കുന്നതാണ്.

മുഹയ്മിൻ എന്ന സിഫത്തിൽ അടങ്ങിയിരിക്കുന്ന അതിവിശാലമായ അർത്ഥത്തിന്റെ വെളിച്ചത്തിൽ ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ചില സംഭവങ്ങൾ ഞാൻ ഇപ്പോൾ കേൾപ്പിക്കുകയാണ്. ഇതോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സത്യത പ്രകടിപ്പിച്ചുകൊണ്ട് അല്ലാഹു നൽകിയ അത്യത്ഭുതകരമായ രീതിയിലുള്ള രക്ഷപ്പെടലിന്റെയും സുരക്ഷിതത്വത്തിന്റെയും ചില സംഭവങ്ങൾ ചില ഭക്തദാസർക്കുണ്ടായതും വിവരിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) കരസ്ഥമാക്കിയതെല്ലാം തന്റെ യജമാനരും മാർഗ്ഗദർശിയുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ.അ) തിരുമേനിയിൽ നിന്നാണ്. തിരുദൂതരുടെയും ഇസ്ലാമിന്റെയും സത്യത പ്രകടമാക്കുന്നതിന്നായാണ് അദ്ദേഹത്തിൽ അല്ലാഹു തന്റെ അനുഗ്രഹങ്ങൾ വെളിപ്പെടുത്തിക്കൊടുത്തത്. തിരുനബി (സ.അ) യെ കുറിച്ച് ആ മഹാത്മാവ് ഇപ്രകാരം പറയുന്നു,

തിരുനബി (സ.അ) യുടെ ജീവിതത്തിൽ ദുർഘടമായ അഞ്ച് സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ ഘട്ടങ്ങളിൽ ജീവൻ രക്ഷിക്കുക എന്നത് അസംഭവ്യമായി കരുതപ്പെട്ടിരുന്നു. അവിടന്ന് അല്ലാഹുവിന്റെ സത്യപ്രവാചകനല്ലായിരുന്നുവെങ്കിൽ തീർച്ചയായും ഈ ഘട്ടങ്ങളിൽ നശിപ്പിക്കപ്പെട്ടേനെ. മക്കാമുശ്രിക്കുകൾ തിരുനബി (സ.അ) ന്റെ വീട് വളഞ്ഞ് ഞങ്ങൾ ഇന്ന് നിശ്ചയമായും മുഹമ്മദിനെ വധിക്കുന്നതാണെന്ന് ശപഥം ചെയ്തിരുന്ന സന്ദർഭമായിരുന്നു ഒന്നാമത്തേത്. രണ്ടാമത്തെ സന്ദർഭം മക്കക്കാർ ഒരു വലിയ സംഘത്തോടൊപ്പം തിരുനബിയെ പിടികൂടാൻ ഹദ്റത്ത് അബൂബക്കറും(റ) തിരുദൂതരും ഒളിച്ചിരുന്ന ഗുഹാമുഖത്ത് എത്തിയപ്പോഴാണ്. ഉഹദ് രണാങ്കണത്തിലായിരുന്നു മൂന്നാമത്തെ അവസരം. യുദ്ധക്കളത്തിൽ തിരുനബി (സ) ഒറ്റപ്പെടുകയും ശത്രുസൈന്യം തിരുദൂതരെ വളയുകയും അദ്ദേഹത്തെ വധിക്കാനായി പല വാളുകളും ഉയരുകയും താഴുകയും ചെയ്ത സന്ദർഭം. എന്നാൽ അതിൽ അവർക്ക് വിജയിക്കാൻ സാധിച്ചില്ല. ഇത് വലിയൊരു മുഅ്ജിസത്തായിരുന്നു. യഹൂദികൾ അതീവ മാരകമായ വിഷം വലിയ

മാത്രയിൽ മാംസത്തിൽ ചേർത്ത് തിരുനബിക്ക് നൽകിയ സന്ദർഭമാണ് നാലാമത്തേത്. അഞ്ചാമത്തെ സംഭവം പേർഷ്യൻ രാജാവുമായി ബന്ധപ്പെട്ടതാണ്. അയാൾ തിരുദൂതരെ വധിക്കാൻ തീരുമാനമെടുക്കുകയും അറസ്റ്റുചെയ്ത് കൊണ്ടുപോകാൻ പട്ടാളത്തെ അയക്കുകയും ചെയ്തിരുന്നു. ഈ എല്ലാ ദുർഘടാവസ്ഥയിൽനിന്നും തിരുനബിയുടെ രക്ഷപ്പെടലും അവസാനം ശത്രുക്കളെയാകമാനം കീഴ്പ്പെടുത്തലും അദ്ദേഹം സത്യവാനാണെന്നതിനുള്ള പ്രബലമായ തെളിവുകളാണ്. അല്ലാഹു അദ്ദേഹത്തിന്റെ കൂടെയുണ്ട് എന്നതിനുള്ള സാക്ഷ്യവും കൂടിയാണ്.

ആ മഹാത്മാവ് തുടരുന്നു,

എന്റെ ജീവിതത്തിലും അഭിമാനത്തിനും ജീവനും ക്ഷതമേൽക്കുന്ന അഞ്ച് നിർണ്ണായക ഘട്ടങ്ങൾ ഉണ്ടായിട്ടുണ്ട് എന്നത് അത്ഭുതകരം തന്നെ. ഒന്നാമത്തെ സന്ദർഭം ഡോ. മാർട്ടിൻ ക്ലാർക്ക് എനിക്കെതിരിൽ നൽകിയ വധോദ്യമ കേസ്സാണ്. രണ്ടാമത്തേത്, ഗുരുദാസ്പൂരിലെ ഡെപ്യൂട്ടി കമ്മീഷണർ മിസ്റ്റർ റോയി സാഹിബിന്റെ കോടതിയിൽ പോലീസ് എനിക്കെതിരിൽ നൽകിയ കേസ്സാണ്. മൂന്നാമത്തെ സന്ദർഭം ജഹ്ലം എന്ന സ്ഥലത്ത് കറംദീൻ എന്നയാൾ എനിക്കെതിരിൽ കേസ്സുകൊടുത്തതാണ്. നാലാമത്തേത്, ഇതേ കറംദീൻ എനിക്കെതിരിൽ ഗുരുദാസ്പൂരിൽ കൊടുത്ത കേസ്സാണ്. ലേഖ്റാം വധിക്കപ്പെട്ടപ്പോൾ എന്റെ വീട് പരിശോധനക്ക് വിധേയമാക്കിയതാണ് അഞ്ചാമത്തെ സന്ദർഭം. കാരണം ഈ അവസരം ശത്രുക്കൾ ശരിക്കും പ്രയോജനപ്പെടുത്താൻ ശ്രമിക്കുകയും ഘാതകൻ ഞാൻ തന്നെയാണെന്ന് തെളിയിക്കാൻ അവർ കഠിന പ്രയത്നം ചെയ്യുകയും ചെയ്തു. എന്നാൽ അതിലെല്ലാം അവർ തറ പറ്റുകയാണുണ്ടായത്.

കറംദീനെ കുറിച്ച് വിവരിക്കാൻ സമയമില്ല. ഡോ. മാർട്ടിൻ ക്ലാർക്ക് നൽകിയ കേസ്സിനെ കുറിച്ച് വിവരിക്കാം. ഒരു മതവും വിശ്വാസവുമില്ലാത്ത പെരുങ്കള്ളനായ ഒരു യുവാവിനെയാണ് അയാൾ ഇതിന്നായി വിനിയോഗിച്ചത്. ഈ യുവാവ് ഹദ്റത്ത് മിർസാ സാഹിബ് ഡോ.മാർട്ടിൻ ക്ലാർക്കിനെ വധിക്കാൻ തന്നെ പറഞ്ഞയച്ചതാണെന്ന് മൊഴി നൽകി. നൗഊദുബില്ലാഹ്. ഈ വ്യക്തി എപ്പോഴും തന്റെ മതം മാറിക്കൊണ്ടിരിക്കുന്ന ആളായിരുന്നു. ബൈഅത്ത് ചെയ്യാൻ വേണ്ടി ഖാദിയാനിൽ വന്നെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് (അ) അയാളുടെ സ്വഭാവം മനസ്സിലാക്കിക്കൊണ്ട് ബൈഅത്ത് വാങ്ങുന്നത് നിഷേധിക്കുകയാണ് ചെയ്തത്. ഡോ.മാർട്ടിൻ ക്ലാർക്ക് ഒരു മിഷനറി ഡോക്ടറും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ എതിരാളിയുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ക്രിസ്തുമതത്തിലെ അബദ്ധ വിശ്വാസങ്ങളെ വിമർശിക്കാറുണ്ടായിരുന്നു. ഈസാ (അ) ന് ഒരു പ്രവാചകൻ എന്ന സ്ഥാനം മാത്രമാണ് അദ്ദേഹം നൽകിയിരുന്നത്. അതായിരുന്നു എതിർപ്പിന് കാരണം. ചുരുക്കത്തിൽ ഈ കേസ്സ് എല്ലാ എതിരാളികളും ശരിക്കും ആഘോഷിച്ചു. ഇതിനെ വിജയിപ്പിക്കാൻ അവർ തങ്ങളുടെ ആവനാഴിയിലെ എല്ലാ അമ്പുകളും പുറത്തെടുത്തു. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ക്രിസ്ത്യാനികളെ പിൻതുണച്ചുകൊണ്ട് അവർക്കനുകൂലമായി മൊഴി നൽകുകയും ചെയ്തിരുന്നു.

എന്നാൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ഞാൻ നിന്നെ ഇതിൽ നിന്നും സുരക്ഷിതമായി പുറത്തുകൊണ്ടുവരും എന്ന് നേരത്തേ തന്നെ സുവാർത്ത നൽകിയിരുന്നു. ഈ കേസ്സിന്റെ ജഡ്ജിയായിരുന്ന ക്യാപ്റ്റൻ ഡിക്ലസ് സാഹിബ് കേസ്സിന്റെ നിചസ്ഥിതി അറിഞ്ഞപ്പോൾ വളരെ ആദരബഹുമാനങ്ങളോടുകൂടി ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ ഇതിൽ നിന്നും മുക്തനാക്കുകയുണ്ടായി. അല്ലാഹു തന്റെ വരിഷ്ഠദാസരുടെ സത്യത വെളിപ്പെടുത്തുന്നതിന്നായി ഏതെല്ലാം തരത്തിലാണ് സാക്ഷ്യം വഹിക്കുന്നതെന്നതിനുള്ള ഉദാഹരണം ക്യാപ്റ്റൻ ഡിക്ലസ് സാഹിബിന്റെ വാക്കുകളിൽ നിന്ന് മനസ്സിലാകുന്നതാണ്.

ഒരു അനഹ്മദിയായിരുന്ന ഖാജാ ഗുലാം ഹൈദർ സാഹിബ് - ഇദ്ദേഹത്തിന് കോടതിയിലായിരുന്നു ജോലി - വിവരിക്കുന്നു. ഈ കേസ്സിന് വിധി പറയുന്നതിന്ന് തൊട്ടുമുൻപ് ഞാൻ ജഡ്ജി അവർകളെ റെയിൽവെ സ്റ്റേഷനിൽ വെച്ച് വളരെ അസ്വസ്ഥനായി കാണപ്പെട്ടു. സ്റ്റേഷനിൽ അദ്ദേഹം അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. അസ്വസ്ഥതക്ക് കാരണം തിരക്കിയപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു, മിർസാ സാഹിബിനെ കണ്ടതു മുതൽ ഒരു മലക്ക് അദ്ദേഹത്തെ ചൂണ്ടിക്കൊണ്ട് എന്നോട് പറയുകയാണ്, അദ്ദേഹം നിരപരാധിയാണ്, അദ്ദേഹം ഒരു തെറ്റും ചെയ്തിട്ടില്ല എന്ന്.

ഈ സംഭവത്തിന് ശേഷം ജഡ്ജി സാഹിബ് കേസ്സ് വിസ്തരിക്കുന്ന രീതിക്ക് മാറ്റം വരുത്തുകയും യുവാവിനെ പോലീസ് കസ്റ്റഡിയിൽ വിടുകയും

ചെയ്തു. അങ്ങിനെ സത്യാവസ്ഥ പുറത്തുവരികയും ചെയ്തു. വാഗ്ദത്തമസീഹിനെ അപകീർത്തിപ്പെടുത്തുന്നതിന്ന് വേണ്ടി എതിരാളികൾ പടച്ചുണ്ടാക്കിയ മറ്റെല്ലാ കേസ്സുകളിൽ നിന്നും അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും എതിർപക്ഷത്തെ പരാജയപ്പെടുത്തുകയും ചെയ്തു.

മാർട്ടിൻ ക്ലാർക്കിന്റെ കേസ്സുമായി ബന്ധപ്പെട്ട തന്റെ ഒരു ദർശനം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) വിവരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു:- മാർട്ടിൻ ക്ലാർക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെതിരിൽ കേസ്സ് ഫയൽ ചെയ്തിട്ടുണ്ടെന്നറിഞ്ഞപ്പോൾ വളരെ വിഷമത്താൽ അല്ലാഹുവിനോട് ഞാൻ ദുആ ഇരന്നു. ആ രാത്രി ഞാൻ ദർശനത്തിൽ കാണുകയാണ്, ഞാൻ സ്കൂളിൽ നിന്ന് വീട്ടിലേക്ക് വരികയാണ്. മിർസാ സുൽത്താൻ അഹ്മദ് സാഹിബിന്റെ ഇടവഴിക്ക് താഴെയുള്ള ഞങ്ങളുടെ വീട്ടിൽ പ്രവേശിക്കാൻ നോക്കിയപ്പോൾ യൂണീഫോം അണിഞ്ഞ് നിൽക്കുന്ന കുറേ പോലീസുകാരെയാണ് ഞാനവിടെ കണ്ടത്. അതിൽ ഒരാൾ എന്നെ തടഞ്ഞു നിർത്തി. അപ്പോൾ അതിൽപ്പെട്ട ഒരാൾ പറഞ്ഞു ഇത് വീട്ടിലുള്ള ആളാണ്. അകത്തേക്ക് പ്രവേശിക്കാൻ വിട്ടുകൊള്ളുക. ഞാൻ ഗോവണി കയറി അകത്തേക്ക് പ്രവേശിക്കാൻ നോക്കിയപ്പോൾ ഞാൻ കണ്ട കാഴ്ച, പോലീസുകാർ ഹദ്റത്ത് മസീഹ് മൗഊദ് (അ) എഴുന്നേൽപ്പിച്ച് നിർത്തിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ മുമ്പിലും പിമ്പിലും കത്തിക്കാനായി വിറക് നിറച്ച് വെച്ചിട്ടുണ്ട്. എനിക്ക് ആ മഹാത്മാവിന്റെ ശിരസ്സ് മാത്രമേ കാണാൻ സാധിക്കുന്നുള്ളു. അവർ ആ വിറകിൽ മണ്ണെണ്ണ ഒഴിച്ച് കത്തിക്കാൻ പോകുകയാണ്. തീ കൊളുത്തിയപ്പോൾ ഞാൻ മുൻപോട്ടുകുതിച്ച് അത് അണക്കാൻ ശ്രമിച്ചു. അപ്പോൾ മൂന്ന് നാല് പേർ വന്ന് എന്നെ പിടിച്ചുമാറ്റി. ചിലർ എന്റെ കഴുത്തിനു പിടിച്ചു. മറ്റുചിലർ എന്റെ വസ്ത്രം പിടിച്ചുവലിച്ചു. അവർ ആ മഹാത്മാവിനെ കത്തിക്കുമോ എന്നോർത്ത് ഞാൻ വളരെയധികം പരിഭ്രമിച്ചു. പെട്ടെന്ന് എന്റെ ദൃഷ്ടി മുകളിലേക്ക് പോയി. വാതിലിനു മുകളിൽ വലിയ അക്ഷരത്തിൽ ഇപ്രകാരം എഴുതിവെച്ചതായി എനിക്ക് കാണാൻ സാധിച്ചു. *അല്ലാഹുവിന്റെ വരിഷ്ടദാസരെ അഗ്നിക്കിരയാക്കാൻ ആർക്കാണ് സാധിക്കുക.*

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു. വിശ്വാസികൾക്ക് പരലോകത്ത് മാത്രമല്ല ഈ ലോകത്തു തന്നെയും സമാധാനം ലഭിക്കുന്നതാണ്. ഇതിനുള്ള ഉദാഹരണങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജീവിതകാലത്ത് നമ്മൾ എത്രയോ ദർശിച്ചിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ കയ്യിൽ സുരക്ഷക്കുള്ള വാളോ പരിചയോ മറ്റൊന്നുമില്ലായിരുന്നിട്ടുകൂടി അല്ലാഹു ആ മഹാത്മാവിനെ സംരക്ഷിക്കുകയുണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ സത്യതക്കുള്ള അടയാളങ്ങൾ വിവരിച്ചുകൊണ്ട് ഹഖീഖത്തുൽ വഹ്യ് എന്ന ഗ്രന്ഥത്തിൽ എഴുതുന്നു.

ഇരുപത്തിയഞ്ചാം അടയാളം ജഹ്ലം എന്ന സ്ഥലത്ത് എനിക്കെതിരിൽ കറംദീൻ ജഹ്ലമി എന്ന വ്യക്തി നൽകിയ കേസ്സിനെ കുറിച്ചുള്ള പ്രവചനമാണ്. ആ പ്രവചനത്തെ കുറിച്ച് അല്ലാഹു എനിക്കറിയിച്ച വചനങ്ങൾ ഇങ്ങിനെയായിരുന്നു.

**റബ്ബി കുല്ലു ശൈഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസുർനീ വർഹംനീ**

(എന്റെ നാഥാ എല്ലാവരും നിന്റെ സേവകരാണ്. എന്റെ നാഥാ നീ എന്നെ സംരക്ഷിക്കേണമേ, എന്നെ സഹായിക്കേണമേ, എന്നോട് കരുണ ചൊരിയേണമേ)

ഞാൻ ഈ കേസ്സിൽ നിന്നും മുക്തനാകുമെന്നുള്ള മറ്റു ഇൽഹാമുകളും ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ കേസ്സിൽ നിന്നും അല്ലാഹു എന്നെ കുറ്റവിമുക്തനാക്കുകയുണ്ടായി.

ഇതുമായി ബന്ധപ്പെട്ട ഒരു ദുആ പ്രത്യേകമായി ചെയ്യാൻ ജമാഅത്തുകളെ ഉണർത്തുന്നു. കുറച്ചു ദിവസം മുൻപ് ഞാനൊരു സ്വപ്നം കാണുകയുണ്ടായി. ശത്രുക്കൾ നമുക്കെതിരിൽ എന്തോ ഗൂഢപദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നു. ആക്രമിക്കപ്പെടുന്നതിനുമുമ്പേ തന്നെ അവരുടെ പദ്ധതിയെ കുറിച്ച് എനിക്ക് അറിയാൻ സാധിക്കുന്നു. ആ അവസരത്തിൽ ഞാൻ ഈ ദുആ ചെയ്യുന്നു **റബ്ബി കുല്ലു ശൈഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസുർനീ വർഹംനീ** എന്ന ദുആ ചൊല്ലുന്നു. ഈ ദുആ ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ എന്റെ മനസ്സിൽ വരുന്നത് എന്നേക്കാളും കൂടുതലായി ഈ ദുആ ജമാഅത്തിന് വേണ്ടിയാണല്ലോ ഞാൻ ചെയ്യേണ്ടത് എന്നായിരുന്നു. ഇതിൽ ജമാഅത്തിനെയും ഉൾപ്പെടുത്തേണ്ടതാണ്. അതുകൊണ്ട് ജമാഅത്തംഗങ്ങൾ തങ്ങളുടെ ദുആയിൽ ഈ ദുആയും പ്രത്യേകം ഉൾപ്പെടുത്തണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. അല്ലാഹു എല്ലാവിധ ശർറിൽ നിന്നും നാമേവരേയും രക്ഷപ്പെടുത്തുമാറാകട്ടെ. ജമാഅത്തിനെ അല്ലാഹു സംരക്ഷിക്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ സാന്ത്വന പ്പെടുത്തിക്കൊണ്ടുള്ള നിരവധി വെളിപാടുകളും സ്വപ്നങ്ങളും അല്ലാഹു ആ മഹാത്മാവിന് നൽകിയിട്ടുണ്ട്. അത് വിവിധ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയതായി കാണാം. അല്ലാഹു ആ മഹാത്മാവിനോടു പറഞ്ഞു

എല്ലാ മേഖലകളിലും ഞാൻ നിന്നൊടൊപ്പമു ണ്ടായിരിക്കും. എതിരാളികളുമായി ഏറ്റുമുട്ടലുകളു ണ്ടാകുമ്പോൾ റൂഹുൽ ഖുദ്സ് മുഖേന നിന്നെ ഞാൻ സഹായിക്കുന്നതാണ്.

മറ്റൊരു ഇൽഹാം

**അലാ ഇന്ന ഔലിയാ അല്ലാഹി ലാ ഖൗഫുൻ അലൈഹിം വലാഹും യഹ്സനൂൻ**

ശ്രദ്ധിച്ചുകേൾക്കുക അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിയവർക്ക് ഭയമോ ദുഃഖമോ ഉണ്ടായിരിക്കില്ല.

ആ മഹാത്മാവ് വീണ്ടും പറയുന്നു:

നിന്നെ നേരിടുന്നവർ ആരായാലും അവർ പരാജയപ്പെടുമെന്ന് അല്ലാഹു എന്നോട് വാഗ്ദാനം ചെയ്തിരിക്കുന്നു.

മറ്റൊരു സ്ഥലത്ത് പറയുന്നു.

അല്ലാഹു പറയുന്നു: എന്റെ പ്രിയപ്പെട്ടവൻ എന്റെ സമീപസ്തനാണ്. അവൻ സമീപസ്തനാണെങ്കിലും എതിരാളികളുടെ ദൃഷ്ടികളിൽനിന്നും അവൻ മറഞ്ഞിരിക്കുന്നു. അവർ നിന്നെ വധിക്കാൻ ആഗ്രഹി ക്കുന്നെങ്കിലും അല്ലാഹു നിന്നെ സംരക്ഷിക്കുന്നതും കാത്തുസൂക്ഷിക്കുന്നതുമാണ്.

ഞാൻ നിന്നെ സംരക്ഷിക്കുന്നതാണ്. അല്ലാഹു വിന്റെ സഹായം നിന്റെ സംരക്ഷകനാണ്.

മറ്റൊരു ഇൽഹാം. അൽപം ദൈർഘ്യമുള്ളതും അറബിയിലുള്ളതുമായ ഇൽഹാമാണ്. ഇതിനു മുൻപ് കേൾപ്പിച്ചതും അറബിയിൽ തന്നെയുള്ള താണ്. അർത്ഥം കേൾപ്പിക്കാം.

അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്താൻ എതിരാളികൾ ശ്രമിക്കുന്നു. എന്നാൽ ആ പ്രകാശ ത്തിന്റെ സംരക്ഷകൻ അല്ലാഹു തന്നെയാകുന്നു. അല്ലാഹുവിന്റെ സംരക്ഷണം നിനക്കുമതി. നാമാണ് ഇറക്കിയത്. കാത്തുസംരക്ഷിക്കുന്നതും നാം തന്നെ. അല്ലാഹു ഏറ്റവും നല്ല സംരക്ഷകനാകുന്നു. അവൻ കാരുണ്യവാൻമാരിൽ വെച്ചേറ്റവും കരുണയുള്ള വനാണ്.

അവൻ നിന്നെ വിവിധ വസ്തുക്കൾ മുഖേന ഭയപ്പെടുത്തും. കുഫ്റിന്റെ നേതാക്കന്മാർ അവരാണ്. നീ ഭയപ്പെടരുത്. വിജയം നിനക്കുള്ളതു തന്നെ യാണ്. തെളിവുകളും സാക്ഷ്യങ്ങളും സ്വീകാര്യത കളും അനുഗ്രഹങ്ങളും മുഖേന നീ തന്നെയാ യിരുക്കും വിജയിക്കുന്നത്. അല്ലാഹു വിവിധ മേഖല കളിൽ നിന്നെ സഹായിക്കുന്നതാണ്. സംവാദങ്ങ ളിലും വാദപ്രതിവാദങ്ങളിലും അല്ലാഹു നിനക്ക് വിജയം നൽകുന്നതാണ്.

അല്ലാഹു അരുളുന്നു,

എന്റെ ഈ ദിനം സത്യത്തെയും അസത്യ ത്തെയും വ്യതിരിക്തമാക്കുന്നതാണ്. വിജയം എനിക്കും എന്റെ പ്രവാചകന്മാർക്കുമായിരിക്കുമെന്ന് അല്ലാഹു എഴുതിവെച്ചിരിക്കുന്നു. അല്ലാഹുവിന്റെ വചനങ്ങളെ ആർക്കും മാറ്റാൻ സാധ്യമല്ല. അല്ലാഹുവിന്റെ ഈ പ്രവൃത്തി ദീനിന്റെ സത്യതക്കുള്ള ഒരു തെളിവാണ്. എന്നിൽ നിന്നും നിനക്ക് സഹായങ്ങൾ ലഭിക്കുന്നതാണ്. നിന്റെ ദുഃഖങ്ങൾ നാം തന്നെ അകറ്റുന്നതാണ്. നിന്റെ ദൈവം കഴിവുള്ളവനാണ്.

ഈ വചനങ്ങളെല്ലാം അല്ലാഹു ആ മഹാത്മാവിന് വെളിപാട് മുഖേന അറിയിച്ചതാണ്.

അല്ലാഹുവിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട പല സംഭവങ്ങളും നുബുവത്ത് വാദത്തിന് മുൻപ് ഉണ്ടായിട്ടുണ്ട്. എന്നാൽ ആദ്യ കാലത്തും ഭയത്തിന്റെ അവസ്ഥയിൽനിന്നും ആ മഹാത്മാവിനെ അല്ലാഹു എങ്ങിനെ രക്ഷിച്ചു എന്നതിനുള്ള വിവിധ സംഭവ ങ്ങൾ വിവരിക്കപ്പെട്ടിട്ടുണ്ട്. ഒരു സംഭവം വളരെ പ്രസിദ്ധമാണ്. ഇതിനെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

എന്റെ പിതാവ് ഗുലാം മുർത്തസാ സാഹിബിന്റെ മരണസമയം അടുത്തെത്തിയപ്പോൾ അദ്ദേഹത്തിന്റെ മരണത്തെ കുറിച്ച് *വസ്സമാഇ വ ത്വാരിഖ്* എന്ന വാക്കുകളിൽ അല്ലാഹു എന്നെ നേരത്തേ അറിയി ക്കുകയുണ്ടായി. ആകാശത്തെക്കൊണ്ട് സത്യം, സൂര്യാസ്തമയത്തിന് ശേഷം വരാൻ പോകുന്ന ആ സംഭവത്തെക്കൊണ്ടും സത്യം. ഞങ്ങളുടെ നിത്യ ജീവിതത്തിനുള്ള വരുമാനം അദ്ദേഹത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് മാനുഷികമായ ചിന്തകൾകാരണം ഈ മരണം മുഖേന ഞങ്ങൾ ഇനി ദുരിതത്തിലാകില്ലേ എന്ന ഒരു ചിന്ത മനസ്സിൽ തത്തിക്കളിക്കാൻ തുടങ്ങി. കാരണം വരുമാനമെല്ലാം അദ്ദേഹത്തിന്റെ മരണത്തോടെ നിന്നുപോകുന്നതാണ്. ഇങ്ങിനെ ഒരു ചിന്ത മനസ്സിൽ വന്നപ്പോൾ തന്നെ മറ്റൊരു ഇൽഹാം കൂടെ ഉണ്ടായി.

**അലൈസല്ലാഹു ബികാഫിൻ അബ്ദഹൂ:** *അല്ലാഹു തന്റെ ദാസന് മതിയായവനല്ലെ.* ഈ ഇൽഹാമിനുശേഷം പ്രകാശം വന്നാൽ അന്ധകാരം ഓടിമറയുന്നത് പോലെ ആ ചിന്തകൾ ഓടി മറയുകയുണ്ടായി. ഇൽഹാമിൽ പറയപ്പെട്ടതുപോലെ അന്നേദിവസം സൂര്യാസ്തമയത്തിനുശേഷം എന്റെ പിതാവ് വഫാത്താകുകയുണ്ടായി. *അലൈസല്ലാഹു ബികാഫിൻ അബ്ദഹൂ* എന്ന ഇൽഹം നേരത്തേ തന്നെ പലർക്കും കേൾപ്പിച്ചിരുന്നു. ഖാദിയാനിലെ ലാലാ ശരംപത്ത്, ലാലാ മുലവ്വാമൽ എന്നിവർ ഇതിൽ ഉൾപ്പെടുന്നതാണ്. അവരോട് ചോദിച്ചാൽ സത്യം ചെയ്ത് ഇത് സമ്മതിക്കുന്നതാണ്. മിർസാ സാഹിബിന്റെ (പിതാവിന്റെ) മരണശേഷം ആ ഇൽഹാം ഒരു മോതിരത്തിൽ കൊത്തിക്കുക യുണ്ടായി. ഒരിക്കൽ എന്തോ ആവശ്യത്തിനായി മുലവ്വാമൽ എന്ന വ്യക്തി അമൃത്സറിലേക്ക് പോകുമ്പോൾ ഈ ഇൽഹാം മോതിരത്തിൽ കൊത്തിച്ച് സീൽ പോലെ ഉപയോഗിക്കാൻ കൊണ്ടുവരണമെന്ന് അദ്ദേഹത്തോട് പറഞ്ഞേൽപ്പി ക്കുകയായിരുന്നു. അദ്ദേഹം ഹഖീം മുഹമ്മദ് ശരീഫ് സാഹിബ് മർഹൂമിന്റെ അറിവോടുകൂടി ഇൽഹാം മോതിരത്തിലാക്കികൊണ്ടുവന്നു. അതിപ്പോഴും എന്റെ കൈവശമുണ്ട്. (ഇപ്പോൾ ഇത് ഖലീഫമാരുടെ കൈവശമാണ് ഉണ്ടാവുക.)

ഈ ഇൽഹാം അക്ഷരം പ്രതി പുലർന്നിരിക്കുന്നു. ഇൽഹാമിൽ സൂര്യാസ്തമയത്തിനു ശേഷം പിതാവിന്റെ മരണം സംഭവിക്കുമെന്ന് പറഞ്ഞിരുന്നു. അത് അതേ പോലെ സംഭവിച്ചു. ഇൽഹാം ലഭിക്കു മ്പോൾ അദ്ദേഹം ആരോഗ്യവാനായിരുന്നു. മരണ ത്തിന്റെ ഒരു ലക്ഷണവും അദ്ദേഹത്തിൽ ദർശിക്കാൻ സാധിച്ചിരുന്നില്ല. ഒരു വർഷത്തിനുള്ളിൽ അദ്ദേഹം മരിക്കും എന്ന് ആർക്കും പറയാൻ പറ്റാത്ത നല്ല അവസ്ഥയിലായിരുന്നു. എന്നാൽ ഇൽഹാമിന്റെ അടിസ്ഥാനത്തിൽ സൂര്യസ്തമയത്തിനുശേഷം അദ്ദേഹം വഫാത്താകുകയാണ് ചെയ്തത്.

രണ്ടാമത്തെ ഇൽഹാമും ഇതുപോലെ പൂർത്തിയായി. പിതാവിന്റെ മരണം കൊണ്ട് എനിക്ക് സാമ്പത്തിക വിഷമം അൽപ്പം പോലും നേരിട്ടില്ല. സർവ്വശക്തനായ ദൈവം എന്നെ അവന്റെ കാരുണ്യകടാക്ഷത്തിൽ പൊതിയുകയും എനിക്ക് ലഭിക്കുന്ന സഹായം കണ്ട് ഒരു ലോകം തന്നെ അസൂയാലുക്കളാകുകയും ചെയ്തു. ഇന്നേക്ക് (അതായത് 1899 ആഗസ്റ്റ് 20/ 1317 റബിഉസ്സാനി) പിതാവ് മരിച്ചിട്ട് 24 വർഷം കഴിഞ്ഞു. എന്നാൽ അല്ലാഹു എന്നെ എല്ലാവിധ പ്രയാസങ്ങളിൽ നിന്നും ആപത്തുകളിൽ നിന്നും സംരക്ഷിച്ചു നിർത്തി ക്കൊണ്ട് അവൻ എന്റെ സംരക്ഷകനും സഹായി യുമാണെന്ന് തെളിയിച്ചിരിക്കുകയാണ്. എന്റെ പിതാവിന്റെ ജീവിതകാലത്ത് ഞാൻ വലിയ പ്രസിദ്ധനായിരുന്നില്ലെന്ന കാര്യം സത്യമാണ്. എന്നാൽ അദ്ദേഹത്തിന്റെ മരണശേഷം ലക്ഷക്ക ണക്കിന് ജനങ്ങൾക്കിടയിൽ ആദരവോടുകൂടി എന്റെ പ്രസിദ്ധി പ്രചരിക്കുകയുണ്ടായി. പിതാവിന്റെ കാലത്ത് എനിക്ക് സ്വന്തമായി സാമ്പത്തികമായ കഴിവോ വല്ല സമ്പത്തോ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ മരണശേഷം അല്ലാഹു ഈ പ്രസ്ഥാനത്തെ എത്രമാത്രമാണ് സഹായി ക്കുന്നത് എന്ന് നോക്കുക. ഇവിടെയുള്ള അതിഥി കൾക്കും പാവപ്പെട്ടവർക്കും നിരാലംബർക്കും ഭക്ഷണത്തിനും താമസത്തിനും മറ്റുമായുള്ള ചെലവും ഗ്രന്ഥപ്രസിദ്ധീകരണത്തിനുള്ള ആയിര ക്കണക്കിന് രൂപയുടെ ചെലവുമെല്ലാം അല്ലാഹു എത്തിച്ചുകൊണ്ടേയിരിക്കുന്നു. ഇവ്വിധമായുള്ള സഹായം എനിക്ക് നിരന്തരമായി ലഭിക്കുന്നു എന്നതിന് ഇവിടുത്തെ പ്രദേശവാസികളായ ഹിന്ദുക്കളും മുസ്ലിംകളുമായുള്ള രണ്ടായിരം പേരെങ്കിലും സാക്ഷിപറയുന്നതാണ്.

ചെറുപ്പത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ അല്ലാഹു സംരക്ഷിച്ചതുമായി ബന്ധപ്പെട്ട ഒരു സംഭവം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് നീന്തലും കുതിര സവാരിയും നല്ല വശമായിരുന്നു. ആ മഹാത്മാവ് വിവരിക്കുന്നു. ചെറുപ്പത്തിൽ നീന്തിക്കളിക്കുമ്പോൾ ഒരിക്കൽ ഞാൻ വെള്ളത്തിൽ മുങ്ങിപ്പോയി. അപ്പോൾ പ്രായം ചെന്ന ഒരാൾ വന്ന് എന്നെ പൊക്കിയെടുത്ത് രക്ഷിച്ചു. അദ്ദേഹത്തെ ഇതിനു മുൻപോ ശേഷമോ ഞാൻ ഒരിക്കലും കണ്ടിട്ടില്ല.

യഥാർത്ഥത്തിൽ അല്ലാഹു മലക്കിന്റെ രൂപത്തിൽ ആ വ്യക്തിയെ അയച്ച് ആ മഹാത്മാവിനെ രക്ഷിക്കുകയായിരുന്നു.

മറ്റൊരു സംഭവം ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിക്കുന്നു. ചെറുപ്പത്തിൽ ഒരു കുസൃതി ക്കുതിരയുടെ പുറത്ത് ഞാൻ സവാരി ചെയ്യു കയായിരുന്നു. എനിക്ക് ആ കുതിരയെ നിയന്ത്രി ക്കാൻ കഴിയാതെയായി. അതിനെ നിയന്ത്രിക്കാൻ ഞാൻ പരമാവധി ശ്രമിച്ചെങ്കിലും അത് കുതിച്ചോ ടുകയാണ് ചെയ്തത്. ഓടിയോടി ഒരു മരത്തിലോ

മതിലിലോ പോയി ഇടിച്ചു. ഇടിയുടെ ആഘാതത്തിൽ ഞാൻ ഒരു ഭാഗത്തേക്ക് തെറിച്ച് വീണു. കുതിരയുടെ തല പിളർന്ന് അത് ചത്തുപോയി. അല്ലാഹു എന്നെ സംരക്ഷിക്കുകയും ചെയ്തു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു ഇതിനുശേഷം എപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ് (അ) കുസൃതിയുള്ള കുതിരപ്പുറത്ത് സവാരിചെയ്യരുതെന്ന് ഞങ്ങളോട് പറയുമായിരുന്നു. (അല്ലാഹു അദ്ദേഹത്തെ പ്രത്യേകരീതിയിൽ സംരക്ഷിച്ചതുകൊണ്ട് മാത്രമാണ് അന്ന് രക്ഷപ്പെട്ടത്) ആ കുതിര തന്നെ കൊല്ലാൻ ശ്രമിച്ചതായിരുന്നെങ്കിലും അവസാനം അത് തന്നെ ചത്തു പോകുകയാണ് ചെയ്തതെന്ന് അദ്ദേഹം പറയുമായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) തന്റെ ഒരു സംഭവം വിവരിക്കുന്നു: ഇന്ത്യയിലെ ഒരു ക്രിസ്ത്യാനിയെ ഒരു കേസ്സിൽ തൂക്കിലേറ്റാൻ വിധിക്കുകയുണ്ടായി. ദേഷ്യം വന്നപ്പോൾ തന്റെ ഭാര്യയെ അയാൾ വെടിവെച്ചു കൊന്നതായിരുന്നു കാരണം. കേസ് വിസ്താരം നടക്കുമ്പോൾ അയാൾ ജഡ്ജിയോടു പറഞ്ഞു: മൗലവി സനാഉല്ലാഹ് യുടെ പ്രസംഗം കേട്ട് എനിക്ക് അഹ്മദികളോട് എന്തെന്നില്ലാത്ത വിദ്വേഷവും വെറുപ്പും തോന്നി. കാരണം ഞാൻ കരുതിയത് ഇവർ എല്ലാ മതങ്ങളുടെയും കഠിനശത്രുക്കളാണെന്നാണ്. ക്രിസ്തുമതത്തിന്റെയും ഹിന്ദു മതത്തിന്റെയും സിഖ് മതത്തിന്റയും മുസ്ലിംകളുടെ തന്നെയും ശത്രുക്കളാണ് ഇവരെന്ന് ഞാൻ ധരിച്ചുപോയി. അതുകൊണ്ട് അഹ്മദികളുടെ ഇമാമിനെ തന്നെ വധിച്ചുകളയാൻ ഞാൻ ദൃഢനിശ്ചയം ചെയ്തു. ഇതിന്നായി ഞാൻ ഖാദിയാനിൽ പോകുകയും ചെയ്തു. എന്നാൽ ഇമാം സാഹിബ് അവിടെ ഇല്ല എന്നും അദ്ദേഹം ഭേരാചിചീ എന്ന ഗ്രാമത്തിൽ പോയിരിക്കുകയാണെന്നും എനിക്കറിയാൻ കഴിഞ്ഞു. ഭേരാചിചീ എന്ന ഗ്രാമം ഖാദിയാന്ന് അടുത്തുള്ള ഗ്രാമമാണ്. ആ ഗ്രാമവാസികളെല്ലാം അഹ്മദികളായിരുന്നു. ആ ഗ്രാമത്തിൽ പോയി അഹ്മദികളുടെ ഇമാമിനെ വധിക്കാം എന്ന് കരുതി ഒരു സ്ഥലത്തുനിന്ന് പിസ്റ്റളും സംഘടിപ്പിച്ച് ഞാൻ അവിടേക്ക് പോയി. അങ്ങിനെ അദ്ദേഹത്തെ വധിക്കാൻ തക്കംപാർത്തിരിക്കുമ്പോൾ ഞാൻ ഇമാമിനെ കണ്ടു. അപ്പോൾ അദ്ദേഹത്തോടൊപ്പം ഒരാളുമുണ്ടായിരുന്നു. അദ്ദേഹം തന്റെ തോക്ക് വൃത്തിയാക്കിക്കൊണ്ടിരിക്കുകയായിരുന്നു. (ഖലീഫത്തുൽ മസീഹ് സാനി (റ) പറയുന്നു, അത് യഹ്യാഖാൻ സാഹിബായിരുന്നു) കുറ്റവാളി തുടരുന്നു, ഈ സന്ദർഭത്തിൽ അദ്ദേഹത്തെ വെടിവെക്കുന്നത് ശരിയല്ല എന്ന് കരുതി ഞാൻ അവിടെ നിന്ന് മറ്റൊരു സ്ഥലത്തേക്ക് പോയി. അവിടെ നിന്ന് വീട് വരെ പോയിവരാം എന്നുകരുതി വീട്ടിലേക്ക് മടങ്ങി. നാട്ടിലെത്തിയപ്പോൾ ഭാര്യയെക്കുറിച്ച് ചിലത് കേട്ടപ്പോൾ എനിക്ക് തീരെ സഹിക്കാൻ സാധിച്ചില്ല. എന്റെ പിസ്റ്റൾ എടുത്ത് അവളുടെ കഥ കഴിച്ചു. ഈ സംഭവം യാദൃശ്ചികമായിരുന്നു. എന്റെ ഉദ്ദേശ്യം മറ്റൊരാളെ വധിക്കുക എന്നതായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) തുടരുന്നു, ഒരു വ്യക്തിയെ ആ ഒരു നിമിഷം എങ്ങിനെയാണ് അല്ലാഹു തടഞ്ഞു നിർത്തിയത് എന്ന് നോക്കുക. അയാളുടെ എല്ലാ പദ്ധതികളെയും അല്ലാഹു തകർക്കുകയാണ് ചെയ്തത്. ആദ്യം അയാൾ എന്നെ അന്വേഷിച്ച് ഖാദിയാനിൽ വരുന്നു. ഞാൻ അപ്പോൾ അവിടെ ഉണ്ടാകുന്നില്ല. അയാൾ ഭേരാചീചീ എന്ന സ്ഥലത്ത് വരുന്നു. എന്നെ ഒറ്റക്ക് കിട്ടാൻ അയാൾ കാത്തിരുന്നെങ്കിലും ഒരവസരം കൈവന്നപ്പോൾ എന്റെ കൂടെ ഒരാൾ കൂടെ ഉണ്ടാകുന്നു. അദ്ദേഹമാകട്ടെ യാദൃശ്ചികമായി അന്ന് ആ സമയത്ത് തന്റെ തോക്ക് വൃത്തിയാക്കുന്നു. അയാൾ പിന്നീടാകാം എന്ന് കരുതി പലസ്ഥലത്തും കറങ്ങി വീട്ടിലേക്ക് പോകുന്നു. അവിടെ ഭാര്യയെ കൊന്ന് പിന്നീട് തൂക്കിലേറ്റപ്പെടുന്നു. അല്ലാഹു തന്റെ ദാസരെ ഈ രീതിയിലാണ് സഹായിക്കുന്നത്.

ഫിജിയിലെ മുബല്ലിഗായിരുന്ന ശൈഖ് അബ്ദുൽ വാഹിദ് സാഹിബ് ഒരു സംഭവം വിവരിക്കുന്നു. 1968-ൽ ഫിജിയിലെ സാഉൻ എന്ന സ്ഥലത്ത് മിഷൻ ഹൗസ് തുറക്കാൻ അദ്ദേഹം തീരുമാനിക്കുകയും അതിന്നായി ഒരു കെട്ടിടം വാടകക്കെടുക്കുകയും ചെയ്തു. അതിനുശേഷം അവിടെ ശക്തമായ എതിർപ്പ് തുടങ്ങി. പ്രവർത്തന കേന്ദ്രം തുറക്കാൻ ഒരു കാരണവശാലും ഇവിടെ അനുവദിക്കില്ലെന്ന് അവർ ശഠിച്ചു. എതിരാളികളുടെ നേതാവായിരുന്ന അബൂബക്കർ എന്ന വ്യക്തി നാട്ടിലാകെ പ്രചാരണം നടത്തുകയും അഹ്മദികൾ ഇവിടെ മിഷൻ ഹൗസ് തുറക്കുകയാണെങ്കിൽ അത് കത്തിച്ചു കളയുന്നതാണെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു.

ഈ എതിർപ്പിനെ നേരിടാനായി വേണ്ട ഏർപ്പാടുകളെല്ലാം ഞങ്ങൾ ചെയ്തു. അടുത്തു തന്നെ പോലീസ് സ്റ്റേഷൻ ഉണ്ടായിരുന്നു. ഉദ്യോഗസ്ഥരെ കണ്ട് കാര്യം ധരിപ്പിച്ചു. അവർ വേണ്ട സഹായങ്ങൾ ചെയ്യാം എന്ന് വാക്കു തരികയും

ചെയ്തു. എന്നാൽ ഒരു രാത്രി പോലീസുകാർ ഉണ്ടായിരിക്കെ ആരോ വന്ന് പള്ളിയുടെ പുറത്ത് ഒരു മൂലയിൽ മണ്ണെണ്ണ ഒഴിച്ച് തീ കൊളുത്തി. തീ കൊളുത്തിയ ആൾ ഓടി രക്ഷപ്പെടുകയും ചെയ്തു. തീ കൊളുത്തിയെങ്കിലും അല്ലാഹു അത്ഭുതകരമായ രീതിയിൽ അത് കെടുത്തി. ജമാഅത്തിന് വലിയ നഷ്ടമൊന്നും വന്നില്ല. ചെറിയ ഒന്ന് രണ്ട് പലകകൾ മാത്രമാണ് കത്തിയത്. അത് ഉടനെ മാറ്റുകയും ചെയ്തു.

ഈ അവസരത്തിൽ നമ്മുടെ ഒരു മുബല്ലിഗ് നൂറുൽ ഹഖ് സാഹിബ് അൻവർ തീ വെച്ച ആ റൂമിൽ ഇരുന്നു കൊണ്ട് വളരെ വേദനയോടുകൂടി ഇപ്രകാരം പറഞ്ഞു. അല്ലാഹുവിന്റെ മതമായ ഇസ്ലാമിന്റെ പ്രചരണത്തിനുള്ള കേന്ദ്രം കത്തിക്കാൻ ശ്രമിച്ചവരുടെ വീട് അല്ലാഹു കത്തിച്ചു ചാമ്പലാക്കുമാറാകട്ടെ. ഇതിനുശേഷം എതിരാളികളുടെ നേതാവായിരുന്ന അബൂബക്കർ കോയയുടെ വീടിന് തീ പിടിക്കുകയും അത് അണക്കാൻ കഴിവതും ശ്രമിച്ചിട്ടും അണക്കാൻ കഴിയാതെ ആ വീട് പൂർണ്ണമായും കത്തിച്ചാമ്പലാകുകയും ചെയ്തു.

അല്ലാഹു തന്റെ പ്രിയ ദാസർക്കുവേണ്ടി പ്രകടമാക്കുന്ന അടയാളങ്ങളാണിവയെല്ലാം. മുഹയ്മിൻ എന്ന തന്റെ സിഫത്ത് പ്രകടിപ്പിച്ചുകൊണ്ട് അവൻ ഭയത്തിൽ നിന്ന് സമാധാനം നൽകുന്നു എന്നും അവരെ അവൻ സംരക്ഷിക്കുന്നു എന്നും അവരെ കാത്തു സൂക്ഷിക്കുന്നു എന്നും അവർക്ക് അഭയം നൽകുന്നു എന്നുമെല്ലാം ഈ സംഭവങ്ങളിലൂടെ അവൻ തെളിയിക്കുന്നു, എപ്പോഴും അവന്റെ അഭയത്തിനായി തേടിക്കൊണ്ടിരിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു

ഈ ചുരുങ്ങിയ ജീവിത കാലയളവിൽ നിന്ന് രക്ഷപ്പെടേണ്ടതിന്റെ ആവശ്യകത വിവരിക്കേണ്ടതില്ല. അവരവരുടെ പ്രവർത്തനഫലമായി വരുന്ന വിപത്തുകളിൽ നിന്ന് രക്ഷപ്പെടാൻ ഓരോരുത്തരും ആഗ്രഹിക്കുന്നു. യഥാർത്ഥ തൗബ മൂഖേന ഈ കാര്യങ്ങളെല്ലാം നേടിയെടുക്കാവുന്നതാണ്.

(യഥാർത്ഥ തൗബ ചെയ്യുകയും പൂർണ്ണവിശ്വാസം സ്വീകരിക്കുകയും ചെയ്യുന്നവരെ അല്ലാഹു ഇങ്ങിനെയാണ് വിപത്തുകളിൽ നിന്ന് രക്ഷിക്കുന്നത്.) തുടർന്ന് പറയുന്നു, യഥാർത്ഥ തൗബ കൊണ്ടുണ്ടാകുന്ന ഒരു നേട്ടം അല്ലാഹു അവന്റെ സംരക്ഷകനും സൂക്ഷിപ്പുകാരനുമാകുന്നു എന്നതാണ്. എല്ലാ പ്രയാസങ്ങളെയും അല്ലാഹു ദൂരീകരിക്കുന്നു. ശത്രുകൾ അവർക്കെതിരിൽ മെനഞ്ഞുണ്ടാക്കുന്ന എല്ലാ നിഗൂഢ പദ്ധതികളിൽ നിന്നും അല്ലാഹു അവരെ സംരക്ഷിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ഈ പെരുമാറ്റം ഏതെങ്കിലും ചില പ്രത്യേക വ്യക്തികളോട് മാത്രമല്ല. എല്ലാവരും അവന്റെ തന്നെ സൃഷ്ടികളാണ്. ആര് അവനിലേക്ക് വരികയും അവന്റെ കൽപ്പനകൾ അനുസരിച്ചു ജീവിക്കുകയും ചെയ്യുന്നുവോ അവരും യഥാർത്ഥ തൗബ ചെയ്യുന്നവരുടെ ഗണത്തിൽ ഉൾപ്പെടുന്നതാണ്. യഥാർത്ഥ അർത്ഥത്തിൽ തൗബ ചെയ്യുന്നവരെ അവൻ എല്ലാവിധ പ്രയാസങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. അവരെ സ്നേഹിക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ തൗബയിലും വിശ്വാസത്തിലും മുൻകടന്നുകൊണ്ട് അല്ലാഹുമായി ബന്ധം സ്ഥാപിക്കുമ്പോൾ മാത്രമേ സത്യപ്രവാചകൻമാരുടെ അനുയായികൾ ദർശിച്ച ഈ അവസ്ഥകൾ കൈ വരിക്കാൻ സാധിക്കുകയുള്ളു. അല്ലാഹു നമുക്ക് ഈ തത്വം മനസ്സിലാക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. നാം ഓരോരുത്തരേയും അല്ലാഹു തന്റെ പ്രത്യേക സംരക്ഷണത്തിൽ നിലനിർത്തുമാറാകട്ടെ (ആമീൻ)

---

മൗലവി നാസിർ അഹ്മദ്
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 03 - 10 - 2008 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**